പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1483

06-03-2017 ൽ മറുപടിക്ക്

കയ്യാട് കൃഷി

| ചോദ്യം<br>ശ്രീ.റ്റി.വി. രാജേഷ് | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| നബാർഡിന്റെ ആർ.ഐ.ഡി.എഫ് XXI സ്കീമിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ കയ്യാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; വിശദാംശം നൽകുമോ? | നബാർഡിന്റെ ആർ.ഐ.ഡി.എഫ് XXI സ്കീമിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ കയ്യാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി 1023.51 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തികളിൽ ഏഴോം, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ എഗ്രിമെന്റ് വെച്ച് പണികൾ നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി രണ്ടു പ്രവൃത്തികൾക്ക് ആദ്യ ടെണ്ടറിൽ പ്രതികരണങ്ങൾ ഒന്നും ലഭിക്കാത്തതിനാൽ റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ